# പ്രതിഷേധ പ്രമേയം

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതവും ഇരുപതു നൂറ്റാണ്ടിന്റെ ചരിത്രം പേറുന്നതുമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, എല്ലാക്കാലത്തും രാജ്യത്തിന്റെ നിയമത്തെ അനുസരിച്ച ചരിത്രം മാത്രമാണുള്ളത്. ഇന്ത്യയുടെ ഭരണഘടനയിലും, ഭരണഘടനാധിഷ്ഠിതമായ നീതിന്യായ വ്യവസ്ഥിതിയിലും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എക്കാലത്തും പൂർണ്ണവിശ്വാസം അർപ്പിക്കുന്നുണ്ട്.

ഭാരതത്തിലെ നീതിന്യായ കോടതികളുടെ ഉത്തരവുകൾ നടപ്പാക്കാൻ ഉള്ള ഭരണഘടനാപരമായ ബാദ്ധ്യത കേരള സർക്കാരിനുണ്ട്. ഇന്ത്യൻ ഭരണഘടനപ്രകാരം നിലവിൽവന്ന് നിലനിൽക്കുന്ന നീതിന്യായവ്യവസ്ഥയിലെ പരമോന്നത നീതിനിർവഹണ സംവിധാനമായ ഇന്ത്യൻ സുപ്രീം കോടതിയുടെയും, കീഴ്ക്കോടതികളുടെയും വ്യക്തമായ അനുകൂല വിധികൾ ഉണ്ടായിട്ടും, അവ നടപ്പാക്കാൻ കോടതികൾതന്നെ നിർദ്ദേശിച്ചിട്ടും നടപ്പാക്കാതെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കർഹമായ നീതി നിഷേധിക്കുന്ന കേരള സർക്കാർ നടപടിയിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു.

സമീപദിവസങ്ങളിൽ കട്ടച്ചിറ, പിറവം, കോതമംഗലം മുതലായ പള്ളികളിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വതന്ത്ര്യം, ദേശീയത, സ്വയംഭരണം, തുല്യത ഇവ അംഗീകരിച്ച് ഇന്ത്യയുടെ പരമോന്നത നീതിന്യായകോടതി പുറപ്പെടുവിച്ച വിധികൾ നടപ്പാക്കാതിരിക്കുന്ന സർക്കാർ സമീപനത്തിൽ ഞങ്ങൾക്കുള്ള ശക്തമായ പ്രതിഷേധം അറിയിക്കുന്നു.

ഭാരതത്തിന്റെ ഭരണഘടനപ്രകാരമുള്ള കോടതിവിധികൾ അവഗണിച്ചുകൊണ്ട് നടത്തുന്ന സംഘം ചേർന്നുള്ള വെല്ലുവിളികളെയും അക്രമങ്ങളേയും പ്രതിരോധിക്കാത്ത സംസ്ഥാന സർക്കാർ നടപടികൾ പ്രതിഷേധാർഹമാണ്.

ഈ സാഹചര്യത്തിൽ, കേന്ദ്ര - കേരള സർക്കാരുകൾ, ഇന്ത്യൻ ഭരണഘടനാപരമായ ബാദ്ധ്യതകൾ മനസിലാക്കി അതനുസരിച്ചുള്ള നടപടികൾ ഉടൻ സ്വീകരിച്ച് ബഹുമാനപ്പെട്ട നീതിന്യായ കോടതി വിധികൾ നടപ്പിലാക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നു.

(........................................................................................... പള്ളിക്കുവേണ്ടി)

അവതാരകൻ :

അനുവാദകൻ :

(To the Hon'ble Prime Minister of India & To the Hon'ble Chief Minister of Kerala)